ജനയുഗം
JANAYUGOM

24-01-2018

# കടൽ ജീവികളിൽ നിന്നും കൂടുതൽ പ്രകൃതിദത്ത ഉൽപ്പന്നങ്ങൾ ഉടൻ പുറത്തിറക്കും :സിഎംഎഫ്ആർഐ

കൊച്ചി: കടൽ ജീവികളിൽ നിന്നും കൂടുതൽ പ്രകൃതിദത്ത ഉൽപ്പന്നങ്ങൾ ഉടൻ പുറത്തിറക്കുമെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ പറഞ്ഞു.

സിഎംഎഫ്ആർഐ നടത്തുന്ന വിന്റർ സ്കൂളിന്റെ ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കടൽ ബാക്റ്റീരിയകളിൽ നിന്നുമുള്ള ആന്റി മൈക്രോബിയൽ ഉൽപ്പന്നം, കടൽപ്പായലിൽ നിന്നുമുള്ള ന്യൂട്രാസ്യൂട്ടിക്കൽ ഉൽപ്പന്നങ്ങൾ എന്നിവ നിർമാണ ഘട്ടത്തിന്റെ അവസാനദശയിലാണ്. കടൽ ജീവികളിൽ നിന്ന് നിർമിച്ച വിവിധ സൗന്ദര്യവർധക ഉൽപ്പന്നങ്ങളും സിഎംഎഫ്ആർഐ ഉടൻ പുറത്തിറക്കുമെന്ന് ഡോ ഗോപാലകൃഷ്ണൻ പറഞ്ഞു. ആരോഗ്യ-മരുന്നുൽപാദന രംഗത്ത് ഏറെ സാധ്യതകളുണ്ടെന്ന് തെളിയിക്കപ്പെട്ട കടൽ ജീവികളിലടങ്ങിയ ബയോആക്ടീവ് സംയുക്തങ്ങൾ വേർതിരിക്കുന്നതുമായി ബന്ധപ്പെട്ടാണ് വിന്റർ സ്കൂളിൽ പരിശീലനം. രാജ്യത്തെ വിവിധ ഗവേഷണ സ്ഥാപനങ്ങളിലെയും സർവകലാശാലകളിലെയും 25 ഗവേഷകരാണ് പരിശീലനത്തിൽ പങ്കെടുക്കുന്നത്.

സിഎംഎഫ്ആർഐയിലെ മറൈൻ ബയോടെക്നോളജി വിഭാഗം നടത്തുന്ന വിന്റർ സ്കൂൾ 21 ദിവസം നീണ്ടുനിൽക്കും.